1. സബോർഡിനേറ്റ് ജുഡീഷ്യറിയിലെ ജുഡീഷ്യൽ ഓഫീസർമാർ.

2. ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ.

3. വിജിലൻസ് ട്രിബ്യൂണൽ.

4. 7-4-1970-ൽ ലാസ്റ്റ് ഗ്രേഡ് റഗുലർ സർവ്വീസിൽ ഉണ്ടായിരുന്നവരും അതേ തസ്തികയിൽ തുടരുന്നവരും.

5. 1-4-1965-നും 7-4-1970-നും ഇടയ്ക്ക് ഫുൾടൈം കണ്ടിജന്റ് തസ്തികയിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവരും 7-4-1970-ന് ശേഷം റഗുലർ തസ്തികയിൽ എത്തിയവരുമായ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ.

6. 7-4-1970-ന് മുൻപ് വില്ലേജ്മാനായി സർവ്വീസിൽ പ്രവേശിച്ച് അതേ തസ്തികയിൽ തുടരുന്ന ജീവനക്കാർ.

7. 7-4-1970-ന് മുൻപ് മിലിട്ടറി സർവ്വീസിലോ ആസ്സാം റൈഫിൾസിലോ, സി.ആർ.പി.എഫിലോ ബി.എസ്.എഫിലോ സേവനം അനുഷ്ഠിച്ചവരും 7-4-1970- നു ശേഷം സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച് അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ.

8. 7-4-1970-ന് മുൻപ് മിലിട്ടറി സർവ്വീസിൽ ഉണ്ടായിരുന്നവരും അതിനുശേഷം സർക്കാർ സർവീസിൽ വില്ലേജ്മാനായി നിയമിക്കപ്പെട്ട് അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പെൻഷൻ പ്രായം വർദ്ധിപ്പിക്കേണ്ടതില്ല എന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

പാലോളി സമിതി ശിപാർശകൾ

15(*T1254) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗ പ്രാതിനിധ്യവുമായി ബന്ധപ്പെട്ട ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയ ഉദ്യോഗ നഷ്ടം നികത്തുന്നത് സംബന്ധിച്ച് പാലോളി സമിതി നടത്തിയ ശിപാർശകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) പി.എസ്.സി. ഇപ്പോൾ അനുവർത്തിക്കുന്ന യൂണിറ്റ് സമ്പ്രദായത്തിലെ മാറ്റം സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പിന്നോക്ക വിഭാഗങ്ങളുടെ റിസർവേഷൻ കാറ്റഗറി പുനർനിർണ്ണയിക്കുന്നതിന് റിട്ട. ജഡ്ജിയുടെ നേതൃത്വത്തിലുള്ള സമിതി രൂപീകരിക്കണമെന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി.എസ്.സി. ലിസ്റ്റിലെ നിയമനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിയമനങ്ങളുടെ മെരിറ്റ് അടിസ്ഥാനത്തിലും സംവരണാടിസ്ഥാനത്തിലും നിയമിച്ചതിന്റെ പൂർണ്ണ വിവരങ്ങൾ ജനശ്രദ്ധയിൽ വരുന്നവിധം പി.എസ്.സി. പ്രസിദ്ധപ്പെടുത്തണമെന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ കാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭ്യമാക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഉദ്യോഗ സംവരണത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ട്. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഉന്നതാധികാര സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുമ്പോൾ കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുന്നില്ല. ഇന്റർവ്യൂ മാർക്ക് ഏത് രീതിയിലും 20% നിലനിർത്തുന്നുണ്ട്.

(ബി) പി.എസ്.സി. നിയമങ്ങളിൽ നിലവിലുള്ള യൂണിറ്റ് സമ്പ്രദായം തുടർന്നാൽ മതി എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) പിന്നോക്ക വിഭാഗങ്ങളുടെ റിസർവേഷൻ കാട്ട പുനർനിർണ്ണയിക്കുന്നതിന് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓരോ വിഭാഗത്തിന്റെയും സംവരണക്രമമനുസരിച്ചുള്ള നിയമന ശിപാർശ പട്ടികയും ഓരോ ഉദ്യോഗാർത്ഥിക്കും എഴുത്തു പരീക്ഷയിലും ഇന്റർവ്യൂവിലും ലഭിച്ച മാർക്കും പി.എസ്.സി. പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്.

സംസ്ഥാന ജിയോളജി സർവ്വീസിൽ നിലവിലുള്ള തസ്തികകൾ

16(*T 1255) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജിയോളജി സർവ്വീസിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളാണുള്ളത്; ജിയോളജി സർവ്വീസ് സംബന്ധിച്ച ഏറ്റവും പുതിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഭേദഗതിക്ക് മുമ്പുള്ള ജിയോളജി സർവ്വീസിൽ ഏതൊക്കെ തസ്തികകളാണ് ഉണ്ടായിരുന്നത് ;

(സി) സംസ്ഥാന ജിയോളജി സർവ്വീസിൽ ജീവനക്കാരെ ഉൾക്കൊള്ളിച്ചിരിക്കുന്നതിന്റെ പൊതുമാനദണ്ഡമെന്ത്; പ്രസ്തുത സർവ്വീസിൽ ജിയോളജിയോഗ്യതക്കാർക്ക് പുറമേ ആരെങ്കിലുമുണ്ടോ; എങ്കിൽ ഏത് തസ്തികയിൽ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly